പഞ്ചായത്തുകളിലെ ജലസേചന പദ്ധതികൾ

224 [275] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ജലസേചനവുംമന്ത്രി സദയം മറുപടിനൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ പഞ്ചായത്തുതോറും എത്ര ജലസേചന പദ്ധതികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഇപ്പോൾ എത്ര പദ്ധതികളുടെ പണികൾ നടന്നുവരുന്നുണ്ട് ?

ഉത്തരം

(എ) ജനപങ്കാളിത്തത്തോടുകൂടി പഞ്ചായത്തുതോറും സംസ്ഥാനമൊട്ടാകെ 721 ചെറുകിട ജലസേചനപദ്ധതികളാണ് പൂർത്തിയാക്കാനുദ്ദേശിക്കുന്നത്.

(ബി) 127 എണ്ണം.

പാലക്കാടു ജില്ലയിലെ ഇറിഗേഷൻ പദ്ധതികൾ

225 [276] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ജലസേചനവുംമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഇറിഗേഷൻ പദ്ധതികളുടെ എണ്ണം എത്ര;

(ബി) അവയുടെ പേരെന്തെല്ലാം ;

(സി) ഏതെല്ലാം പദ്ധതികൾ എത്ര ഏക്കർ ഭൂമിക്കുവീതം ജലസേചനം നല്കുന്നു ;

(ഡി) ജില്ലയിൽ ജലസേചനം ലഭിക്കുന്ന ആകെ ഏക്കർ എത്ര ;

(ഇ) ഇപ്പോൾ ഏതെല്ലാം പദ്ധതികൾ നിർമ്മാണം പൂർത്തിയാകാതെ ഇരിക്കുന്നു ;

(എഫ്) ജില്ലയിൽ ഏതെല്ലാം പദ്ധതികൾ ആണ് പ്രോജക്ടു റിപ്പോർട്ടു കിട്ടിയിട്ടും നിർമ്മാണത്തിന് സമയവുംകാത്ത് ഇരിക്കുന്നത്;

(ജി) ഓരോ പദ്ധതിക്കും ചെലവായ ഉദ്ദേശ സംഖ്യ എത്ര;

(എച്ച്) പരിഗണനയിലിരിക്കുന്ന പദ്ധതികൾക്ക് ഉദ്ദേശ സംഖ്യ എത്ര ?

ഉത്തരം

(എ) 277.

(ബി) വൻകിട പദ്ധതികൾ 7 എണ്ണം.

1. മലമ്പുഴ
2. മംഗലം
3. ഗായത്രി
4. വാളയാർ
5. പോത്തുണ്ടി
6. ചിറ്റൂർപുഴ
7. കാഞ്ഞിരപ്പുഴ

ഇവ കൂടാതെ 9 ക്ലാസ് I മൈനർ ഇറിഗേഷൻ പദ്ധതികളും 249 ക്ലാസ് II മൈനർ ഇറിഗേഷൻ പദ്ധതികളും 12 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly